## പതിനാലാം കേരള നിയമസഭ

## അഞ്ചാം സമ്മേളനം

## നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 1218 02/05/2017-ൽ മറുപടിയ്ക്ക്

## ലൈഫ് മിഷൻ

| | ചോദ്യം<br>ശ്രീ.രാജു എബ്രഹാം | | മറുപടി<br>ശ്രീ.കെ.റ്റി. ജലീൽ<br>(തദ്ദേശസ്വയംഭരണവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി) |
|---|---|---|---|
| (എ) | സംസ്ഥാനത്തെ ഭൂരഹിത ഭവന രഹിതരായ ആളുകൾക്ക് സ്വന്തമായി ഒരു വീട് എന്ന സ്വപ്നം സാക്ഷാത്കരിക്കുന്നതിനായി സംസ്ഥാന സർക്കാർ നടപ്പാക്കുന്ന ലൈഫ് മിഷൻ പദ്ധതി തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലൂടെ നടപ്പാക്കുന്നതിന് സ്വീകരിക്കാനുദ്ദേശിക്കുന്ന നടപടിക്രമങ്ങൾ എന്തൊക്കെയെന്ന് വിശദമാക്കാമോ; | (എ) | സംസ്ഥാനത്തെ ഭവനരഹിതരാണെന്ന് കണക്കാക്കപ്പെടുന്ന ഗുണഭോക്താക്കൾക്ക് സ്വന്തമായി വാസയോഗ്യമായ ഭവനം ലഭ്യമാക്കുകയാണ് പദ്ധതിയുടെ ലക്ഷ്യം. പദ്ധതിയുടെ ഭാഗമായി അർഹരായ ഗുണഭോക്താക്കളെ കണ്ടെത്തുന്നതിന് കുടുംബശ്രീ സംവിധാനം ഉപയോഗിച്ച് സർവ്വേ നടത്തി. സർവ്വേയുടെ വെരിഫിക്കേഷൻ നടന്നുവരികയാണ്. വെരിഫിക്കേഷൻ പൂർത്തീകരിച്ച ശേഷം കരട് പട്ടിക പ്രസിദ്ധപ്പെടുത്തുകയും പഞ്ചായത്ത് തലത്തിലും ജില്ലാതലത്തിലും അപ്പീലുകൾ കേട്ടശേഷം തദ്ദേശസ്വയംഭരണസ്ഥാപനങ്ങൾ പട്ടിക അംഗീകരിച്ച് അന്തിമമാക്കുന്നതാണ്. സ്വന്തമായി സ്ഥലമുള്ള ഭവനരഹിതർക്ക് വീട് നിർമ്മിക്കുന്നതിന് സാമ്പത്തിക സഹായം നൽകുന്നതിനും സ്വന്തമായി സ്ഥലം ഇല്ലാത്തവർക്ക് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ നേതൃത്വത്തിൽ ഭവന സമുച്ചയങ്ങൾ നിർമ്മിച്ച് നൽകുന്നതിനുമുള്ള കർമ്മപദ്ധതികളാണ് ആവിഷ്ക്കരിച്ചിട്ടുള്ളത്. |

| | | | |
|---|---|---|---|
| | | | തദ്ദേശസ്വയംഭരണസ്ഥാപനങ്ങളിൽ ഭവന സമുച്ചയം നിർമ്മിക്കുന്നതിനാവശ്യമായ സ്ഥലം ക ണ്ടെത്തിവരുന്നു. സ്ഥലം ലഭ്യമായ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിൽ, അവരുടെ സഹകരണത്തോടെ ഭവനസമുച്ചയം നിർമ്മിക്കുന്നതാണ്. എല്ലാവർക്കും ഭവനം എന്ന ലക്ഷ്യത്തോടെ നടപ്പിലാക്കി വരുന്ന കേന്ദ്രസർക്കാരിന്റെ ഭവന പദ്ധതികളായ പ്രധാനമന്ത്രി ആവാസ് യോജന (നഗരം), പ്രധാനമന്ത്രി ആവാസ് യോജന (ഗ്രാമം), വിവിധ വകുപ്പുകളുടെ ഭവന പദ്ധതികൾ എന്നിവ ലൈഫ് പദ്ധതിയുമായി സംയോജിപ്പിച്ചിട്ടു ണ്ട് |
| (ബി) | 2017-18 സാമ്പത്തിക വർഷം എത്ര വീടുകൾ എത്ര പേർക്ക് കൊടുക്കുന്നതിനാണ് ഉദ്ദേശിക്കുന്നത്; പഞ്ചായത്തുകളുടെ പദ്ധതി രൂപീകരണത്തിൽ ഇത് ഉറപ്പാക്കുന്നതിന് എന്ത് നടപടി സ്വീകരിക്കാനാണ് ഉദ്ദേശിക്കുന്നത്; | (ബി) | 2017-18 വർഷക്കാലയളവിൽ 1 ലക്ഷം പേർക്ക് ഭവനം അനുവദിക്കുന്നതിനാണ് ലക്ഷ്യമിട്ടിരിക്കുന്നത്. തദ്ദേശസ്വയംഭരണസ്ഥാപനങ്ങളുടെ ഭവന പദ്ധതികൾക്ക് ലൈഫ് മിഷന്റെ വ്യവസ്ഥകൾ ബാധകമാക്കികൊണ്ടുള്ള ഉത്തരവ് പുറപ്പെടുവിച്ചിട്ടുള്ളതാണ്. |
| (സി) | ബി പി എൽ-ൽ ഉൾപ്പെടുന്നവർ, പിന്നാക്ക വിഭാഗക്കാർ,പട്ടികജാതി - പട്ടികവർഗ്ഗ വിഭാഗക്കാർ, സാമ്പത്തികമായി പിന്നോക്കം നിൽക്കുന്ന മുന്നാക്ക വിഭാഗക്കാർ , അംഗപരിമിതർ തുടങ്ങിയവർക്ക് പ്രത്യേക ശതമാനം തുക ഓരോ വർഷവും ഉറപ്പവരുത്താൻ എന്തൊക്കെ നടപടികൾ സ്വീകരിക്കാനാണ് ഉദ്ദേശിക്കുന്നത്; വ്യക്തമാക്കുമോ? | (സി) | ഭവനമില്ലാത്ത എല്ലാവർക്കും ഭവനം എന്ന ലക്ഷ്യത്തോടെയാണ് ദൗത്യം രൂപീകരിച്ചിട്ടുള്ളത്. ആയതിനാൽ ബി.പി.എൽ, പിന്നാക്ക പട്ടികജാതി - പട്ടികവർഗ്ഗം എന്നിവരിലെ എല്ലാവർക്കും ഭവനം നൽകാൻ കഴിയുന്നതാണ്. ഇത്തരം വിഭാഗക്കാർക്ക് ഓരോ വർഷവും പ്രത്യേകം തുക നീക്കിവച്ചിട്ടില്ല. എന്നാൽ ബന്ധപ്പെട്ട |

| | | | |
|---|---|---|---|
| | | | വകുപ്പുകളുടെ തുക ബന്ധപ്പെട്ട വിഭാഗത്തിന് തന്നെ നൽകുന്നതാണ്. 9 ക്ലേശഘടകങ്ങളെ ആസ്പദമാക്കിയാണ് മുൻഗണന നിശ്ചയിക്കുന്നത്. |

**സെക്ഷൻ ഓഫീസർ**